**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1076** — **24-02-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. ഹാർബർ എൻജിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ**

1. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 2020-21

| ക്രമ നം. | പദ്ധതിയുടെ പേര് | നിയോജക മണ്ഡലം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവ് |
|---|---|---|---|---|---|
| 1. | വിദ്യാഭ്യാസ ആനുകൂല്യങ്ങൾ | മാവേലിക്കര | 420 | 4,15,650/- | 4,15,650/- |
| | | | | | 4,15,650/- |

2. പ്രായിക്കര ഫിഷ് ലാന്റിംഗ് സെന്ററിന്റെ പുനരുദ്ധാരത്തിനായി 133.62 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

3. ഉൾനാടൻ മത്സ്യകൃഷി

ജനകീയ മത്സ്യകൃഷി , സുഭിക്ഷ കേരളം, PMMSY എന്നീ പദ്ധതികളിലുൾപ്പെടുത്തി കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി, റീ സർക്കുലറി അക്വാ കൾച്ചർ സിസ്റ്റം (RAS), ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം (BAS) കരിമീൻ വിത്തുൽപ്പാദന യൂണിറ്റ് , വരാൽ വിത്തുൽപ്പാദന യൂണിറ്റ് , കൂടുകളിലെ മത്സ്യകൃഷി (ശുദ്ധജല), വീട്ടുവളപ്പിൽ കുളങ്ങളിലെ മത്സ്യകൃഷി , ഒരു നെല്ലും ഒരു മീനും പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

4. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | മത്സ്യമാർക്കറ്റ്, താമരക്കുളം | 210.35 | പ്രവൃത്തികൾക്ക് 04.10.2021-ൽ കിഫ്ബിയിൽ നിന്നും ഫണ്ടിംഗ് അനുമതി ലഭിച്ചിരുന്നു. എന്നാൽ 15.08.2021-ൽ റേറ്റ് റിവിഷൻ 2018 പ്രാബല്യത്തിൽ വന്നതിനാൽ അതിൻപ്രകാരം എസ്റ്റിമേറ്റ് പുതുക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ് .പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിക്കുന്ന പക്ഷം ടെണ്ടർ നടപടികൾ കൈക്കൊണ്ട് പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്. കൂടാതെ കിഫ്ബി നിർമ്മാണത്തിനായി നൽകുന്ന തുക ലോണാണെന്നും ആയതിനാൽ നിർമ്മാണത്തിനായി അനുവദിച്ച തുക 5 |
| 2. | മത്സ്യമാർക്കറ്റ്, മാങ്കാംകുഴി | 147.49 | |

| | | | |
|---|---|---|---|
| | | | ശതമാനം പലിശയോട്ടുകൂടി 12 വർഷ കാലാവധിക്കുള്ളിൽ തിരിച്ചടയ്ക്കാമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം കിഫ്ബി യുമായി ഉടമ്പടി വയ്ക്കേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 2

## ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ

# തീരദേശ റോഡുകൾ

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | നിലവിലുള്ള പുരോഗതി |
|---|---|---|---|
| 1 | തീരദേശ റോഡുകളുടെ നവീകരണം - പാലമേൽ ഗ്രാമപഞ്ചായത്തിലെ ഇടഞ്ഞയ്യത്ത് ജംഗ് ഷൻ ചൂരൽ വയൽഏലാ-മായക്ഷിക്കാവ് റോഡ് | 71.00 ലക്ഷം | ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| 2 | തീരദേശ റോഡുകളുടെ നവീകരണം - തെക്കേകര ഗ്രാമപഞ്ചായത്തിലെ അത്തോദയം തടിമിൽ മുതൽ ഇടക്കടവ് ട്രാൻസ്ഫോർമർ റോഡ് | 68.90 ലക്ഷം | ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**